**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3077** **13-07-2022 - ൽ മറുപടിയ്ക്ക്**

**ലെവൽ ക്രോസ് ഇല്ലാത്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായുള്ള പ്രധാന പാതകളിലെ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ലെവൽ ക്രോസ്സ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ആർ.ബി.ഡി.സി.കെ.യെ ഏൽപ്പിച്ചിരിക്കുന്ന 72 ആർ.ഒ.ബി.കളിൽ 5 എണ്ണം ബഡ്ജറ്റ് മുഖേനയും ബാക്കി 67 എണ്ണം കിഫ്ബി ഫണ്ട് മുഖേനയും നടപ്പാക്കുന്നു. ഇവയിൽ 1 ആർ.ഒ.ബി പൂർത്തിയാക്കി (കാഞ്ഞങ്ങാട്) മാർച്ചിൽ ഗതാഗത്തിനു തുറന്ന് കൊടുത്തു. 11 ആർ.ഒ.ബി. കളുടെ നിർമ്മാണം നടന്നുവരുന്നു. 2 ആർ.ഒ.ബി.കളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 12 ആർ.ഒ.ബി. കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 16 ആർ.ഒ.ബി.കൾ സിൽവർ ലൈനുമായി ബന്ധപ്പെട്ട് കെ.ആർ.ഡി.സി.എൽ ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 22 ആർ.ഒ.ബി.കളുടെ ജി.എ.ഡി റെയിൽവേ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 1 ആർ.ഒ.ബി. കിഫ്ബിയുടെ പരിഗണനയിലാണ്. 7 ആർ.ഒ.ബി.യുടെ അലൈൻമെന്റ് തീരുമാനമായിട്ടില്ല.<br><br>ലെവൽ ക്രോസിങ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്കു എത്താൻ 27 മേൽപ്പാലങ്ങൾ / അടിപാതകൾ നിർമാണം കെ ആർ ഡി സി എൽ നെ ഏൽപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു |
| (ബി) | ആദ്യ ഘട്ടത്തിൽ ഏതെല്ലാം റെയിൽവേ മേൽപ്പാലങ്ങളാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) | ആർ ബി ഡി സി കെ യെ ഏൽപ്പിച്ചിട്ടുള്ള പാലങ്ങളിൽ ആദ്യ ഘട്ടത്തിൽ 10 മേൽപ്പാലങ്ങളാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് റെയിൽവേ ഭാഗം കൂടി ആർ.ബി.ഡി.സി.കെ. മുഖേന നിർമ്മിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | റെയിൽവേയുമായി വിവിധതലങ്ങളിൽ ചർച്ച നടത്തിയെങ്കിലും റെയിൽവേ അനുമതി നൽകിയില്ല. 9 ആർ.ഒ.ബി.കളുടെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇവ 30.12.2022 ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. സിൽവർ ലൈനുമായി ബന്ധപ്പെട്ട് 1 ആർ.ഒ.ബി. യുടെ റിവൈസ്ഡ് അലൈൻമെന്റ് റെയിൽവേയുടെ പരിഗണനയിലാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br><br>കെ.ആർ.ഡി.സി.എൽ. നെ ചുമതലപ്പെടുത്തിയ മേൽപ്പാലങ്ങളുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേയിൽ നിന്ന് അംഗീകാരം ലഭിച്ച തൃശ്ശൂർ ജില്ലയിലെ LC No.36 ലും മലപ്പുറം ജില്ലയിലെ No.12 ലും ടെൻഡർ നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഈ പദ്ധതിക്കുള്ള<br><br>ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ആർ.ബി.ഡി.സി.കെ യെ ചുമതലപ്പെടുത്തിയിട്ടുള്ള മേൽപ്പാലങ്ങളിൽ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ബഡ്ജറ്റ് ഫണ്ട് മുഖേനയുള്ള 2 ആർ.ഒ.ബി.കളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി ഫണ്ട് മുഖേനയുള്ള 12 ആർ.ഒ.ബി.കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.<br><br>കെ. ആർ. ഡി. സി. എൽ -നെ ചുമതലപ്പെടുത്തിയിട്ടുള്ള 21 മേൽപ്പാലങ്ങൾ/ അടിപാതകളുടെ അതിർത്തി കല്ലുകൾ സ്ഥാപിച്ചു സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 4 പാലങ്ങളുടെ രൂപരേഖയുടെ അംഗീകാരത്തിനായി റെയിൽവേയുമായി ചർച്ചകൾ പുരോഗമിക്കുന്നു. 2 ആർ.ഒ.ബി കൾ കേരള റോഡ് ഫണ്ട് ബോർഡിനു റീ അലോട്ട് ചെയ്ത് കൊണ്ട് ഭരണാനുമതി കൊടുത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായി വരുന്ന തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ആർ ബി ഡി സി കെ, കെ ആർ ഡി സി എൽ എന്നിവരെ ചുമതലപ്പെടുത്തിയിരിക്കുന്ന മേൽപ്പാലങ്ങളുടെ എസ്റ്റിമേറ്റ് അനുബന്ധം (2) ആയി ചേർക്കുന്നു. പാലങ്ങൾ വിഭാഗത്തിന്റെ ചുമതലയിലുള്ള കടലുണ്ടി മേൽപ്പാലത്തിന് 6183 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ